12/04/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** **Haripriya Devi VV (I/C)** **Editor:** **Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/04/2025

1. കേരള സർക്കാരിൻ്റെ കൃഷിവകുപ്പ്, ആലപ്പുഴയിലെ സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു . കേരള സർക്കാരിൻ്റെ കൃഷി വകുപ്പിൻ്റെ കീഴിൽ 2014-ൽ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ. തീരദേശ തണ്ണീർത്തടങ്ങളിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്ന പങ്കാളിത്ത ഗവേഷണവും ആശയവിനിമയ സംവിധാനവും സുഗമമാക്കുക, പുതിയ കൃഷിരീതികൾ വികസിപ്പിക്കുക, ജൈവവൈവിധ്യ സംരക്ഷണം, കള, കീട നിയന്ത്രണം, അനുയോജ്യമായ മത്സ്യബന്ധനവും വികസിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന നിരീക്ഷണം, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. യോഗ്യത സീനിയർ അക്കാദമിക് സയൻ്റിസ്റ്റ്, ബയോളജിക്കൽ സയൻസസ്, കൃഷി ശാസ്ത്രം, അനിമൽ സയൻസ്, ഫിഷറീസ് സയൻസ്, എർത്ത് സയൻസ്, ബയോടെക്നോളജി സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ തലത്തിൽ 20 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. പി എച്ച് ഡി യോഗ്യതയും ഉണ്ടായിരിക്കണം. മൂന്നുവർഷത്തേക്കാണ് നിയമനം. പ്രായം 65 വയസ്സിന് താഴെ. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഗവൺമെൻ്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ് അനെക്സ്, സ്റ്റാച്യു പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2025 മെയ് 15ന് 3:00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് "വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ" എന്ന വിഷയത്തിൽ **3** മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു വരുന്നു. ഈ കോഴ്സിന്റെ മൂന്നാമത്തെ ബാച്ചിലേക്കായി പ്ലസ്ടു /തത്തുല്യ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫീസ് **100** രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് **4000** രൂപയും അടക്കേണ്ടതാണ്. (മേൽ പറഞ്ഞ തുകകൾ തിരികെ നൽകുന്നതല്ല.) ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് വഴിയൊരുക്കും. വിവരങ്ങൾക്ക് ബന്ധപ്പെടുക.ഫോൺ : **0487-2371104** ,വെബ് സൈറ്റ് : **https://cti.kau.in/**

3. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ "ഹാച്ചറി സൂപ്പർവൈസർ-കം-ടെക്ക്നിഷ്യൻ" തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

4. തൃശൂർ കണ്ണാറ കേരള അഗ്രോ ബിസിനസ്സ് കമ്പനി ലിമിറ്റഡ്സജ്ജീകരണത്തിനായി ബനാന ആൻഡ് ഹണി അഗ്രോ പാർക്കിലെ സംഭരണം/വെയർഹൗസ്/സംസ്കരണ യൂണിറ്റുകൾ, കണ്ണറ, തൃശൂർ എഫ്പിഎസ്, എംഎസ്എംഇകൾ, കർഷകർ, സ്വകാര്യ കമ്പനികൾ, സംരംഭകർ തുടങ്ങിയവർക്ക് മിതമായ നിരക്കിൽ പാട്ട വാടകയ്ക്ക്

പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള മികച്ച അവസരം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238148583 എന്നാ ഫോൺ നമ്പറിലോ www.kabco.co. in എന്ന ഈ മെയിലിലോ ബന്ധപ്പെടുക.

5. തൃശ്ശൂർ ജില്ലയിൽ പി.എം.എം.എസ്.വൈ പദ്ധതി പ്രകാരം ലൈവ് ഫിഷ് വെന്റിംഗ് സെന്റർ (യൂണിറ്റ് കോസ്റ്റ് - 20 ലക്ഷം), മിനി ഫീഡ് മിൽ (യൂണിറ്റ് കോസ്റ്റ് - 30 ലക്ഷം), പെൻ കൾച്ചർ (യൂണിറ്റ് കോസ്റ്റ് - മൂന്ന് ലക്ഷം) എന്നിവയിലേക്ക് അപേക്ഷ ക്ഷണിച്ചു. 40 ശതമാനം സബ്സിഡി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ എല്ലാ മത്സ്യഭവനുകളിലും ലഭ്യമാണ്. താൽപര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഏപ്രിൽ 16 ന് വൈകീട്ട് നാലിനകം അതാത് യൂണിറ്റ് ഓഫീസുകളിൽ (അഴിക്കോട്/ചേറ്റുവ/ചാലക്കുടി/നാട്ടിക/ചാവക്കാട്/പിച്ചി) സമർപ്പിക്കണം. ഫോൺ: 0487 2421090, 9746595719.

6. **പരിശീലന പരിപാടി**

കേരള കാർഷിക സർവകലാശാലയുടെ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സായ Organic Interventions for Crop Sustainability യുടെ മൂന്നാമത്തെ ബാച്ചിലേക്ക് അപേക്ഷിക്കാൻ ഉള്ള അവസാന തീയതി 15 ഏപ്രിൽ, 2025. പ്ലസ്ടു / തത്തുല്യ യോഗ്യതയുള്ളവർക്ക് ഈ ലിങ്ക് (ലിങ്ക് : https://docs.google.com/forms/d/e/1FAIpQLSe3hadn6rpnaBTebCNZSBz44mAAwCLlDKv7G6Eh8VPi-0MuyQ/viewform) വഴി 100 രൂപ അടച്ചു രെജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. അപ്ലിക്കേഷൻ ഫോം ലിങ്ക് കിട്ടുമ്പോൾ മാത്രം കോഴ്സ് ഫീസ് (4000 രൂപ) അടച്ചു ആവശ്യമുള്ള രേഖകൾ അപ്‌ലോഡ് ചെയ്യുക. മൂന്നാമത്തെ ബാച്ച് 30 പേർ റജിസ്റ്റർ ചെയ്താലുടൻ ആരംഭിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം